പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4979   1.7.2013 ലെ മറുപടിക്ക്

## എ.പി. ബറ്റാലിയനുകളിലെ കമാണ്ടന്റ് തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ്

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) വിവിധ എ.പി. ബറ്റാലിയനുകളിലെ കമാണ്ടന്റ് തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) ഇല്ല. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) ഇൻഡ്യൻ റിസർവ്വ് ബറ്റാലിയൻ ഉൾപ്പെടെയുള്ള ബറ്റാലിയനുകളിൽ സീനിയർമാരായ ഡെപ്യൂട്ടി കമാണ്ടന്റ്/ അസിസ്റ്റന്റ് കമാണ്ടന്റുമാർ ഉള്ളപ്പോൾ അവരെക്കാൾ ജൂനിയർമാരായ ജനറൽ എക്സിക്യൂട്ടീവിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെ പോലീസ് സൂപ്രണ്ടുമാരായി പ്രൊമോട്ട് ചെയ്തു ബറ്റാലിയനുകളിൽ കമാണ്ടന്റുമാരായി നിയമിച്ചിട്ടുണ്ടോ;<br>(സി) ബി.എസ്.എഫ്, സി.ആർ.പി.എഫ്. മുതലായ കേന്ദ്രസേനകളിലെ കമാണ്ടന്റുമാർ അതേ സേനകളിലെ സീനിയർ ഉദ്യോഗസ്ഥരാണെന്നിരിക്കെ, എന്തുകൊണ്ട് എ.പി. ബറ്റാലിയനുകളിലെ കമാണ്ടന്റുമാരെ അതേ വിഭാഗത്തിൽ നിയമിക്കുന്നില്ല എന്നും അതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ; | (ബി)യും, (സി)യും) ഉണ്ട്. ഭരണപരമായ സൗകര്യവും പൊതുജനതാൽപര്യമനുസരിച്ച് ചില സാഹചര്യങ്ങളിൽ ജനറൽ എക്സിക്യൂട്ടീവിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി ബറ്റാലിയനുകളിൽ കമാണ്ടന്റുമാരായി താൽക്കാലികമായി നിയമിക്കാറുണ്ട് എന്നാൽ സീനിയോറിറ്റി നോക്കിയല്ല കമാണ്ടന്റുമാരെ നിയമിക്കുന്നത്. |
| ഡി) ബറ്റാലിയൻ ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. നിർത്തലാക്കിയത് കൊണ്ടുണ്ടായ സ്റ്റാഗ്നേഷൻ ഒഴിവാക്കാൻ ശ്രമിക്കുമോ; | ഡി) സ്റ്റാഗ്നേഷൻ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഇ) കേന്ദ്ര അർദ്ധ സൈനിക വിഭാഗങ്ങളിൽ നോൺ ഐ.പി.എസ്. വിഭാഗത്തിലുള്ളവർ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിൽ വരെ ജോലി ചെയ്യുമ്പോൾ ഈ രീതി കേരളാ ആംഡ് പോലീസ് ബറ്റാലിയനുകളിൽ നടപ്പിലാക്കി ബറ്റാലിയൻ ഓഫീസർമാരുടെ ഘടനയിൽ മാറ്റം വരുത്തി പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ